നം. യുജിസി സെൽ2/29964/2012/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 08/04/2019

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - –യുജിസി 2010 റെഗുലേഷൻ കാലയളവിലെ അദ്ധ്യാപകരുടെ പ്ലേസ്മെന്റ്/പ്രൊമോഷൻ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ 06/03/19 ലെ ഇതേ നമ്പർ പരിപത്രം.

******

ഈ വകുപ്പിന് കീഴിലുള്ള ഗവ.ആർട്സ് & സയൻസ് കോളേജുകളിലേയും , ഗവ. ട്രെയിനിംഗ് കോളേജുകളിലേയും, ഫിസിക്കൽ എഡ്യുക്കേഷൻ കോളേജുകളിലേയും അദ്ധ്യാപകരുടെ 18/09/2010 മുതൽ 17/07/2018 വരെയുള്ള കാലയളവിലെ പ്ലേസ്മെന്റ്/പ്രൊമോഷൻ പ്രൊപ്പോസലുകൾ സൂചന പ്രകാരം അതാത് കോളേജുകളിലെ പ്രിൻസിപ്പാൾമാർക്ക് 31/03/2019ന് മുമ്പായി സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. പ്ലേസ്മെന്റ്/പ്രൊമോഷൻ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി 30/04/2019 വരെയായി ദീർഘിപ്പിച്ചിരിക്കുന്നു.

ഗവ. എഞ്ചിനീയറിംഗ് കോളേജുകളിലും, ഗവ.പോളിടെക്നിക് കോളേജുകളിലും, ഗവ.ലോ കോളേജുകളിലും നിലവിൽ ജോലി ചെയ്യുന്ന ഈ വകുപ്പിനു കീഴിലുള്ള അദ്ധ്യാപകരുടെ പ്ലേസ്മെന്റ്/പ്രൊമോഷൻ പ്രൊപ്പോസലുകൾ അതാത് കോളേജ് പ്രിൻസിപ്പാൾ മുഖേന സമീപ സ്ഥലത്തെ അതേ വിഷയം കൈകാര്യം ചെയ്യുന്ന ഗവ. ആർട്സ് & സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്. നിലവിൽ ഡെപ്യൂട്ടേഷൻ, ശൂന്യവേതനാവധി, മറ്റ് അവധിയിലുള്ള അദ്ധ്യാപകർ അവർ അവസാനം ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളിൽ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

പ്രൊപ്പോസൽ തയ്യാറാക്കുന്നതിനും സ്ക്രീനിംഗ്-കം-ഇവാലുവേഷൻ കമ്മിറ്റി കൂടുന്നത് സംബന്ധിച്ചുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും പി.ബി.എ.എസ് പ്രൊഫോർമ യുടെയും മറ്റ് ഫോമുകളുടേയും മാതൃകയും ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

ഒപ്പ്/-
ഹരിത വി കുമാർ ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. പ്രിൻസിപ്പാൾ, ഗവ.ആർട്സ് & സയൻസ്, ട്രെയിനിംഗ്, ഫിസിക്കൽ എഡ്യുക്കേഷൻ കോളേജുകൾ (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2. സൂപ്രണ്ട്, എ, ബി, സി ,ജെ, കെ
3. സി.എ-ഡെപ്യൂട്ടി ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ
4. സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.കെ./8.4.19

GOVERNMENT OF KERALA 2017-18

988155